**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **11-02-2025 - ൽ മറുപടിയ്ക്ക്**

**'ഉന്നതി' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക വിഭാഗക്കാരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും വികസന, വിദ്യാഭ്യാസ, ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരംഭിച്ച 'ഉന്നതി' പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | പട്ടിക വർഗ വികസന വകുപ്പിന്റെ തിരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ ''ഉന്നതി'' എന്ന പൊതുനാമത്തിൻ കീഴിലാണ് നടപ്പിലാക്കിവരുന്നത്. ആയതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നതി പദ്ധതിയിലൂടെ വിദേശ പഠന സ്കോളർഷിപ്പ് അനുവദിച്ച് നൽകുകയും ഒപ്പം യുവതീയുവാക്കളെ സ്വയംതൊഴിൽ പ്രാപ്തരാക്കുന്നതിന് വേണ്ടി സംരംഭകത്വ വികസന പദ്ധതി ഉന്നതി എന്ന സംവിധാനത്തിന് കീഴിൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായിട്ടുണ്ടോ; എങ്കിൽ അവ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉന്നതി പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായിട്ടില്ല. |
| (സി) | പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പും പട്ടികജാതി വികസന വകുപ്പും തങ്ങളുടെ ബജറ്റിൽ വകയിരുത്തിയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്. |
| (ഡി) | 'ഉന്നതി'യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉന്നതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ